# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 15.06.2026**

### പ്രധാനവാർത്തകൾ

1. ഇന്ത്യ - സ്ലോവാക്യ ബന്ധം സമഗ്ര പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായതായി പ്രധാനമന്ത്രി നരേന്ദ്ര മോദി; സ്ലോവാക് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

2. സംസ്ഥാനത്ത് സെൻസസ് 2027ന്റെ ഭാഗമായ സെൽഫ് എന്യൂമറേഷൻ പ്രക്രിയയ്ക്ക് നാളെ തുടക്കമാകും. എന്യൂമറേറ്റർമാരുടെ നേതൃത്വത്തിൽ വിവരശേഖരണം ജൂലൈ 1 മുതൽ.

3. മുതിർന്ന പൗരന്മാർക്കെതിരായ അതിക്രമങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നടപടിയെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

4. സംസ്ഥാനത്ത് വീണ്ടും ഷിഗെല്ല മരണം റിപ്പോർട്ട് ചെയ്തതോടെ ജാഗ്രത കർശനമാക്കി ആരോഗ്യ - ഭക്ഷ്യസുരക്ഷാ വകുപ്പുകൾ. കോഴിക്കോട് ജില്ലയിൽ കേന്ദ്രസംഘത്തിന്റെ നിപ നിരീക്ഷണ പ്രവർത്തനങ്ങൾ തുടരുന്നു.

5. തൂഫാൻ ദൗത്യത്തിന്റെ ഭാഗമായി ഇടുക്കിയുടെ ഭൂപ്രകൃതി അനുസരിച്ച് പ്രത്യേക ലഹരി വിരുദ്ധ സ്ക്വാഡ് രൂപീകരിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

6. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

## വാർത്തകൾ വിശദമായി.......

### നരേന്ദ്ര മോദി - സ്ലൊവാക്യ(ഇൻട്രോ)

*വിദേശപര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സ്ലോവാക് പ്രധാനമന്ത്രി റോബർട്ട് ഫിക്കോയുമായി ബ്രാറ്റിസ്ലാവയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ - സ്ലോവാക്യ ബന്ധത്തെ സമഗ്ര പങ്കാളിത്തത്തിലേക്ക് ഉയർത്താൻ ധാരണയായതായി , ചർച്ചകൾക്ക് ശേഷം നടത്തിയ സംയുക്ത വാർത്താസമ്മേളനത്തിൽ പ്രധാനമന്ത്രി പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ സഹകരണം പരസ്പര വിശ്വാസത്തിൻറെയും തന്ത്രപരമായ സഹകരണത്തിൻറെയും തെളിവാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.*

( വോയിസ്....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### G7- ഉച്ചകോടി

ഫ്രാൻസിലെ ഇവിയനിൽ നടക്കുന്ന 52-ാമത് G-7 ഉച്ചകോടിയുടെ ഔട്ട്റീച്ച് സെഷനുകളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ പങ്കെടുക്കും. G-7 അംഗ രാജ്യങ്ങൾക്ക് പുറമെ ഇന്ത്യ, ബ്രസീൽ, ഖത്തർ, സൗദി അറേബ്യ തുടങ്ങിയ രാജ്യങ്ങളും മൂന്ന് ദിവസത്തെ ഉച്ചകോടിയുടെ ഭാഗമാകും.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

### യൂത്ത് പാർലമെൻറ്

കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിന് കീഴിലുള്ള മൈ ഭാരത് സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത് പാർലമെൻറ് ദേശീയ തല മത്സരത്തിന് ന്യൂഡൽഹിയിൽ തുടക്കം. ബുധനാഴ്ച വരെ നടക്കുന്ന പരിപാടിയിൽ കോഴിക്കോട് നിന്നുള്ള അലീഷ അനിൽ, ശിവാനി എം, കണ്ണൂർ സ്വദേശി ദേവിക കെ എന്നിവർ പങ്കെടുക്കുന്നുണ്ട്. രാണ് പങ്കെടുക്കുന്നത്. പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ലോക്സഭാ സ്പീക്കർ ഓം ബിർള നാളെ നിർവഹിക്കും.

PIU TVPM

## സെൻസസ് ( ഇൻട്രോ )

*സംസ്ഥാനത്ത് സെൻസസ് 2027ന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ജൂലൈ 1 മുതൽ ആരംഭിക്കും. പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ രേഖപ്പെടുത്താവുന്ന , 15 ദിവസത്തെ സെൽഫ് എന്യൂമറേഷന് നാളെ തുടക്കമാകും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ , ചീഫ് സെക്രട്ടറി എ ജയതിലക് എന്നിവർ നാളെ സെൽഫ് എന്യൂമറേഷനിൽ പങ്കാളികളാകും.*

വിശദാംശങ്ങളിലേക്ക്....

( വോയിസ്....)

പൊതുജനങ്ങൾക്ക് നാളെ മുതൽ സെൻസസ് വിവരങ്ങൾ **se.census.gov.in** പോർട്ടൽ വഴി നേരിട്ട് സമർപ്പിക്കാം. ഇന്ത്യയുടെ ചരിത്രത്തിലെ ആദ്യ സമ്പൂർണ ഡിജിറ്റൽ സെൻസസാണ് നടക്കുന്നത്. ഒന്നാം ഘട്ടമായ വീടുകളുടെ പട്ടിക തയ്യാറാക്കലാണ് ജൂലൈയിലും രണ്ടാം ഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിലുമാണ് നടത്തുക. എല്ലാവരും കൃത്യവും വ്യക്തവുമായ വിവരങ്ങൾ നൽകണമെന്നും ഇവ ഫീൽഡ് സന്ദർശനത്തിനിടെ എന്യൂമറേറ്റർമാർ പരിശോധിച്ച് സ്ഥിരീകരിക്കുമെന്നും സെൻസസ് സംസ്ഥാന നോഡൽ ഓഫീസർ കെ ബിജു തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

( ബിജു വോയിസ്....)

സെൻസസിനായി ആകെ 33 ചോദ്യങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. സംശയങ്ങൾക്കും പരാതികൾക്കും 1855 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ന്യൂസ്ഡെസ്ക് ആകാശവാണി......

## വയോജന സംരക്ഷണം- മുഖ്യ മന്ത്രി

RNU TVPM

മുതിർന്ന പൗരന്മാർക്കെതിരായ അതിക്രമങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നടപടിയെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. ലോക വയോജന അതിക്രമ വിരുദ്ധ ദിനത്തിൻറെ ഭാഗമായി സംഘടിപ്പിച്ച പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രായമായവരെ സജീവമാക്കുക, അവർക്ക് വരുമാനവും സാമൂഹിക പങ്കാളിത്തവും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 'സിൽവർ ഇക്കോണമി' ആശയം നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഷിഗെല്ല (ഇൻട്രോ)

*സംസ്ഥാനത്ത് വീണ്ടും ഷിഗെല്ല മരണം റിപ്പോർട്ട് ചെയ്യതോടെ ജാഗ്രത കർശനമാക്കി ആരോഗ്യവകുപ്പ്. ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ ഹോട്ടലുകളിലും ബേക്കറികളിലും ഉൾപ്പടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരുന്ന മലപ്പുറം സ്വദേശിയായ ഏഴ് വയസുകാരനാണ് മരിച്ചത്. അതിനിടെ ഇന്ന് കോഴിക്കോട് രണ്ടു കുട്ടികൾക്ക് കൂടി രോഗബാധ സ്ഥിരീകരിച്ചു.*

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.....**

( വോയിസ്....)

RNU TVPM

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## നിപ

സംസ്ഥാനത്ത് നിപ ജാഗ്രതയും ശക്തമായി തുടരുന്നു. കോഴിക്കോട് പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന് ആരോഗ്യമന്ത്രി പ്രസ്താവനയിൽ അറിയിച്ചു. നിലവിൽ സമ്പർക്കപ്പട്ടികയിൽ 103 പേരാണുള്ളത്. നിപ നിരീക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര സംഘം, നിപ രോഗി ആദ്യം ചികിത്സ തേടിയ ഫറോക്കിലെ സ്വകാര്യ ആശുപത്രിയിൽ സന്ദർശനം നടത്തി. രോഗബാധിതൻ മെഡിക്കൽ കോളേജിൽ ചികിത്സയിൽ തുടരുകയാണ്. രോഗിക്ക് രണ്ടാം ഡോസ് മോണോക്ളോണൽ ആൻ്റിബോഡി നൽകിയിട്ടുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## സ്ക്വാഡ്- രമേശ് ചെന്നിത്തല

ലഹരിക്കെതിരെയുള്ള തൂഫാൻ ദൗത്യത്തിന്റെ ഭാഗമായി ഇടുക്കിയുടെ ഭൂപ്രകൃതി അനുസരിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ചൊക്രമുടി ഭൂമി കയ്യേറ്റത്തിൽ വിജിലൻസ് അന്വേഷണത്തിന്റെ സാധ്യത പരിശോധിക്കുമെന്നും ഒരു കയ്യേറ്റവും അംഗീകരിക്കില്ലെന്നും അദ്ദേഹം തൊടുപുഴയിൽ പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## അന്തർ മന്ത്രാലയ യോഗം( ഇൻട്രോ )

*പശ്ചിമേഷ്യൻ സംഘർഷം അവസാനിക്കാൻ വഴിയൊരുങ്ങുന്നു. ഈ മാസം 19 ന് സ്വിറ്റ്സർലൻഡിൽ വച്ച് സമാധാന കരാറിൽ ഒപ്പുവയ്ക്കാൻ ഇറാനും അമേരിക്കയും ധാരണയായി. അതിനിടെ, 62,370 മെട്രിക് ടൺ* **LNG** *വഹിച്ചുകൊണ്ടുള്ള കപ്പൽ - ദിശ ഹോർമുസ് കടലിടുക്ക് കടന്നതായി ഷിപ്പിംഗ് മന്ത്രാലയ ഡയറക്ടർ ഓപേഷ് കുമാർ ശർമ്മ ന്യൂഡൽഹിയിൽ പറഞ്ഞു. കപ്പൽ വ്യാഴാഴ്ച ഗുജറാത്തിലെ ദഹേജ് തുറമുഖത്ത് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിൽപ്പന കൂടിയതിനെ തുടർന്ന്, ഒരു ഉപഭോക്താവിന് പ്രതിദിനം 200 ലിറ്റർ വരെ മാത്രമേ ഹൈ സ്പീഡ് ഡീസൽ നൽകാവൂ എന്ന് റീട്ടെയിൽ ഔട്ട്ലെറ്റുകൾക്ക് നിർദ്ദേശം നൽകിയതായി പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.* സംഘർഷം അവസാനിക്കുന്നത് എല്ലാവർക്കും ഗുണകരമാകുമെന്ന് നയതന്ത്ര വിദഗ്ധൻ ടി പി ശ്രീനിവാസൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( വോയിസ്....)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## മഴ കേരളം

PNUTVPM

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. നാളെ കോട്ടയം, എറണാകുളം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## അന്താരാഷ്ട്ര യോഗ ദിനം

വാർധക്യത്തിൽ ആരോഗ്യകരവും, സജീവവുമായ ജീവിതം നയിക്കാൻ യോഗ നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ്. ന്യൂഡൽഹിയിൽ അന്താരാഷ്ട്ര യോഗാ ദിനത്തിന് മുന്നോടിയായുള്ള പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഈ മാസം 21 നാണ് അന്താരാഷ്ട്ര യോഗ ദിനം.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

## ഓഹരി സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 736 പോയിന്റ് ഉയർന്ന് 76,264 ലും നിഫ്റ്റി 231 പോയിൻറ് നേട്ടത്തിൽ 23,854 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വില കൂടി. പവന് 1,800 രൂപ വർധിച്ച് ഒരു ലക്ഷത്തി 11,120 രൂപയും, ഗ്രാമിന് 13,890 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM